പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 132 | 08.06.2018-ലെ മറുപടിക്ക്

## സേഫ് കേരള പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കാരാട്ട് റസാഖ് | എ.കെ. ശശീന്ദ്രൻ |
| " രാജു എബ്രഹാം | (ഗതാഗത വകുപ്പ് മന്ത്രി) |
| " റ്റി.വി.രാജേഷ് | |
| " ഐ.ബി. സതീഷ് | |

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിൽ ഉണ്ടാകുന്ന അമിത വർദ്ധനവും സുരക്ഷിത ഗതാഗത സംസ്കാരത്തിന്റെ അഭാവവും കൊണ്ട് സംസ്ഥാനത്ത് വലിയ തോതിൽ വാഹനാപകടങ്ങൾ ഉണ്ടാകുന്നത് 2020 ഓടെ പകുതിയായി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ചിട്ടുള്ള സേഫ് കേരള പ്രോജക്ട് ഫലപ്രദമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | 2020-ഓടുകൂടി സംസ്ഥാനത്തെ അപകടമരണ നിരക്ക് പകുതിയായി കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയാണ് സേഫ് കേരള. നിലവിലുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് പുറമേ 51 പുതിയ സ്ക്വാഡുകൾ കൂടി രൂപീകരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. പുതിയ സ്ക്വാഡുകൾ രൂപീകരിക്കുന്നതു 24x7 നിരീക്ഷണ-പരിശോധനകൾ നടത്തുന്നതിനായാണ്. ആയതു പ്രകാരം 2020 തോടെ സംസ്ഥാനത്തെ വാഹനാപകടങ്ങൾ 50 ശതമാനം കുറയ്ക്കാൻ കഴിയുമെന്നു കരുതുന്നു. |
| (ബി) | അമിത വേഗതയും മറ്റ് നിയമ ലംഘനങ്ങളും നിയന്ത്രിക്കാൻ ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിതമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | അമിത വേഗത കണ്ടുപിടിക്കുന്ന ക്യാമറകൾ വകുപ്പ് സ്ഥാപിക്കുന്നുണ്ട്. നിലവിൽ വാളയാർ - വടക്കാഞ്ചേരി പാതയിൽ ക്യാമറകൾ സ്ഥാപിച്ച് വരുന്നു. നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഏറ്റവും മികച്ചതും സാങ്കേതികത്തികവുള്ളതുമായ അത്യാധുനിക ഉപകരണങ്ങൾ സിഡാക്ക് മുഖേന സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് റോഡ് സുരക്ഷ അതോറിറ്റി | (സി) | ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, നിരീക്ഷണ ക്യാമറകൾ, ദിശാബോർഡുകൾ, റോഡ് |

| | | | |
|---|---|---|---|
| | നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്? | | മാർക്കിംഗ്, റിഫ്ളക്ടീവ് സ്റ്റഡ് എന്നിവ സ്ഥാപിക്കൽ, ട്രോമകെയർ സംവിധാനം ഏർപ്പെടുത്തൽ, Intercepter വാഹനങ്ങൾ, ആംബുലൻസ്, ആൽകോമീറ്റർ എന്നിവയുടെ വാങ്ങൽ, ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് പ്രധാനമായും അനുബന്ധ ഏജൻസികൾ വഴി കേരള റോഡ് സുരക്ഷാ അതോറിറ്റി, റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ ഏജൻസിയായ നാറ്റ്പാക് , സംസ്ഥാനത്തെ പാതകളിൽ 275 ബ്ലാക്ക് സ്പോട്ട് കണ്ടെത്തിയിട്ടുണ്ട്. അപകടമരണങ്ങൾ കൂടുതൽ നടന്ന സ്ഥലങ്ങളെയാണ് Black Spot-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 159 എണ്ണം ദേശീയ പാതയിലാണ്. ഇതരപാതകളിൽപ്പെടുന്ന 116 എണ്ണത്തിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണനാക്രമം നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന- പോലീസ്- പൊതുമരാമത്ത് വകുപ്പുകളുടെ സഹായത്തോടെ അപകട നിർമ്മാർജ്ജനം ലക്ഷ്യമിട്ട് പരിശോധന നടത്തിയിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയിലെ സാങ്കേതിക സഹായ വിഭാഗം നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായുള്ള ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് റോഡപകടനിരക്ക് 10% |

| | | | |
|---|---|---|---|
| | | | എങ്കിലും കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ടാർജറ്റ് നൽകിയിട്ടുണ്ട്. മാത്രവുമല്ല, എല്ലാ മാസവും രണ്ടാം ബുധനാഴ്ച്ച കൗൺസിലുകളുടെ യോഗം ചേരാനും അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് ചെയ്യാനും ആവശ്യപ്പെട്ടിട്ടുണ്ട്.<br>അമിതവേഗതയും മറ്റ് ഗതാഗത നിയമലംഘനങ്ങളുൾപ്പടെയുള്ള ട്രാഫിക് കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന് എൻഫോഴ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അമിതവേഗത, വാഹന മോടിയ്ക്കുവേയുള്ള മൊബൈൽ ഫോൺ ഉപയോഗം, ചരക്കുവാഹനങ്ങളിലെ അമിത ഭാരം കയറ്റൽ തുടങ്ങിയ ഗതാഗത കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഡ്രൈവർമാർക്കെതിരേ ലൈസൻസ് റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന- പോലീസ് വകുപ്പുകൾ സ്വീകരിച്ചുവരുന്നു. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത ഒരു വാഹനത്തിനും മോട്ടോർ വാഹന വകുപ്പ് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകുന്നില്ല.<br>കഴക്കൂട്ടം-അടൂർ "മോഡൽ സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പ്രോജക്റ്റ് നടപ്പിൽ വരുത്തുന്നതിനുവേണ്ട സാങ്കേതിക സഹായം കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് കെ.എസ്.റ്റി.പിയ്ക്ക് നൽകിവരുന്നു. |

**സെക്ഷൻ ഓഫീസർ**